# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം : 1530 — 13-07-2011-ൽ മറുപടിക്ക്

### സനലിന്റെ കുടുംബത്തിന് കെ.എസ്.ഇ.ബിയുടെ സഹായം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ബി. സത്യൻ | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) മഴക്കാലങ്ങളിൽ വൃക്ഷങ്ങളുടെ ശിഖരങ്ങൾ വെട്ടിക്കളയുന്നതിന് നിയോഗിക്കപ്പെട്ട തൊഴിലാളികൾ വൈദ്യുതാഘാതമേറ്റോ അപകടം സംഭവിച്ചോ മരണപ്പെട്ടാൽ തൊഴിലാളിയുടെ ആശ്രിതർക്ക് എന്തൊക്കെ സഹായങ്ങൾ കെ.എസ്.ഇ.ബി. നൽകുമെന്ന് വ്യക്തമാക്കുമോ ; | (എ) | കേരള സംസ്ഥാന വൈദ്യുതി ബോർഡിൽ 3 ലക്ഷം രൂപയിൽ കവിയാത്ത അടങ്കൽ തുകയ്ക്കുള്ള കരാർ ജോലി ഏറ്റെടുത്ത് നടത്തുന്ന ചെറുകിട തൊഴിലാളികൾക്ക് ജോലിയിൽ ഏർപ്പെട്ടിരിക്കുമ്പോൾ അപകടം സംഭവിക്കുകയാണെങ്കിൽ 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമം അനുസരിച്ചുള്ള നഷ്ടപരിഹാരത്തിന് അർഹതയുണ്ട്. 03.06.2011-ന് മുമ്പ് ചെറുകിട കരാർ അടങ്കൽ തുകയുടെ പരിധി 1.5 ലക്ഷം രൂപയാണ്. ഇപ്രകാരം നഷ്ടപരിഹാരത്തിന് അർഹത നിശ്ചയിക്കാൻ നിയമപ്രകാരം ഹാജരാക്കേണ്ട വിവിധ രേഖകൾ/പ്രമാണങ്ങൾ, അപകടത്തിൽപ്പെടുന്നയാളിന്റെ പ്രായം എന്നിവ കണക്കിലെടുത്ത്, ബോർഡിൽ നിലവിലുള്ള ചട്ടങ്ങൾക്കും നിയമങ്ങൾക്കും വിധേയമായി മേൽ സൂചിപ്പിച്ച വിഭാഗത്തിന് നഷ്ടപരിഹാരത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്. |
| (ബി) ആറ്റിങ്ങൽ മണ്ഡലത്തിൽ പുളിമാത്ത് ഗ്രാമപഞ്ചായത്തിൽ പുളിമാത്ത് എന്ന സ്ഥലത്ത് റബ്ബർ മരത്തിന്റെ ശിഖരം മുറിച്ച് മാറ്റുന്നതിനിടയിൽ മരണപ്പെട്ട സനൽ എന്ന തൊഴിലാളിയുടെ കുടുംബത്തിന് എന്തൊക്കെ സഹായം നൽകിയിട്ടുണ്ട് ; | (ബി) & (സി) | 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമം അനുസരിച്ച് നഷ്ടപരിഹാരം കണക്കാക്കുവാനും അനുവദിക്കുന്നതിനും വേണ്ട ആവശ്യമായ രേഖകൾ നാളിതുവരെ ലഭ്യമാക്കാത്ത കാരണത്താൽ സനൽ എന്ന തൊഴിലാളിയുടെ കുടുംബത്തിന് വൈദ്യുതി ബോർഡിൽ നിന്നും നഷ്ടപരിഹാരം നല്കിയിട്ടില്ല. രേഖകൾ/പ്രമാണങ്ങൾ എന്നിവ ലഭ്യമാ- |

(സി) എന്തൊക്കെ സാമ്പത്തിക സഹായം ഇനിയും ലഭ്യമാക്കാൻ കഴിയുമെന്ന് വിശദമാക്കുമോ ?

ക്കുന്ന മുറയ്ക്ക് ബോർഡിൽ നിലവിലുള്ള ചട്ടങ്ങൾക്കും നിയമങ്ങൾക്കും വിധേയമായി അർഹത പരിശോധിച്ച് അടിയന്തിരമായി നഷ്ടപരിഹാരം അനുവദിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ